## ശരണ്യ പദ്ധതി സംബന്ധിച്ച പൊതുമാർഗ്ഗനിർദ്ദേശങ്ങൾ

- എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ വിധവകൾ, നിയമാനുസൃതം വിവാഹബന്ധം വേർപെടുത്തിയവർ, ഭർത്താവ് ഉപേക്ഷിക്കുകയോ/ഭർത്താവിനെ കാണാതാവുകയോ ചെയ്തവർ, 30 വയസ് കഴിഞ്ഞ അവിവാഹിതകൾ, പട്ടികവർഗ്ഗത്തിലെ അവിവാഹിതരായ അമ്മമാർ എന്നീ വിഭാഗം വനിതകൾക്ക് മാത്രമായുള്ള സ്വയംതൊഴിൽ പദ്ധതി
- സാമ്പത്തിക വർഷാടിസ്ഥാനത്തിലാണ് പദ്ധതി നടപ്പാക്കുന്നത്. ഓരോ വർഷവും സർക്കാർ ബഡ്ജറ്റിൽ വകയിരുത്തുന്ന തുകയ്ക്ക് അനുസരിച്ചാണ് വായ്പ വിതരണം നടത്തുന്നത്.
- പദ്ധതി പൂർണ്ണമായും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴിയാണ് നടപ്പാക്കുന്നത്.
- അപേക്ഷാഫോറം സൗജന്യമായി എല്ലാ പ്രവൃത്തി ദിവസങ്ങളിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്ന് ലഭിക്കുന്നതാണ്. എംപ്ലോയ്മെന്റ് വകുപ്പിന്റെ വെബ്സൈറ്റിൽ നിന്ന് അപേക്ഷാഫോറം ഡൗൺലോഡ് ചെയ്ത് എടുക്കാവുന്നതാണ്.

  (വെബ്സൈറ്റ് : www.employmentkerala.gov.in)

### അർഹത

- എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്ട്രേഷൻ നിലവിലുണ്ടായിരിക്കണം.
- വാർഷിക കുടുംബ വരുമാനം ഒരുലക്ഷം രൂപയിൽ കവിയാൻ പാടുള്ളതല്ല. (വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ് ഹാജരാക്കണം)
- അപേക്ഷ സമർപ്പിക്കുമ്പോൾ പ്രായപരിധി 18 നും 55 നും മദ്ധ്യേ (അവിവാഹിതകൾക്ക് അപേക്ഷിക്കുന്ന സാമ്പത്തികവർഷം ഏപ്രിൽ 1 ന് 30 വയസ്സ് പൂർത്തിയായിരിക്കണം)

### മുൻഗണന

- പ്രൊഫഷണൽ/സാങ്കേതിക യോഗ്യതയുള്ളവർക്കും, സംസ്ഥാന വ്യാവസായിക പരിശീലന വകുപ്പ് പരമ്പരാഗത തൊഴിലാളികൾക്ക് നൽകുന്ന പ്രവർത്തി കാര്യക്ഷമതാ സർട്ടിഫിക്കറ്റുള്ളവർക്കും, ITI/ITC സർട്ടിഫിക്കറ്റുള്ളവർക്കും മുൻഗണന നൽകുന്നതാണ്.

### വായ്പ്പ/സബ്സിഡി

- അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന പ്രോജക്ട് പരിശോധിച്ച് ഒരാൾക്ക് 50000/- രൂപ വരെ പലിശരഹിത വായ്പ്പ അനുവദിക്കും. വായ്പ്പാതുകയുടെ 50% പരമാവധി 25000/- രൂപ വരെ സബ്സിഡിയായി അനുവദിക്കുന്നു. പ്രോജക്ട്

പരിശോധിച്ച് ഒഴിച്ചുകൂടാനാകാത്ത സാഹചര്യത്തിൽ 100000/- രൂപവരെ വായ്പ്പ അനുവദിക്കുന്നതാണ്. 50,000/- രൂപയിൽ കൂടുതൽ വായ്പ്പ ആവശ്യമുള്ളവർ 50,000/- രൂപയ്ക്ക് മേലുള്ള തുകയുടെ 10% ഗുണഭോക്തൃ വിഹിതമായി നൽകേണ്ടതും 3% പലിശ (ഫ്ളാറ്റ് നിരക്കിൽ) 50,000/- രൂപയ്ക്ക് മേലുള്ള സംഖ്യയ്ക്ക് നൽകേണ്ടതുമാണ്.

**പരിശീലനം**

- ➢ പദ്ധതി പ്രകാരം വായ്പ്പ ലഭിക്കുന്നതിനായി തെരെഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കൾ നിർബന്ധമായും പരിശീലന പരിപാടിയിൽ പങ്കെടുക്കേണ്ടതാണ്. പരിശീലനം പൂർത്തിയാക്കിയാൽ മാത്രമേ വായ്പ്പ തുക അനുവദിക്കുകയുള്ളളു.

**തിരിച്ചടവ്**

- ➢ വായ്പ്പ തിരിച്ചടവ് 60 തവണയായി ബന്ധപ്പെട്ട ജില്ല/ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അടയ്ക്കേണ്ടതാണ്. തിരിച്ചടവിൽ വീഴ്ച വരുത്തുന്നവർക്ക് എതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതാണ്.

**ഓരോ വിഭാഗത്തിലേയും അപേക്ഷകർ ഹാജരാക്കേണ്ട സർട്ടിഫിക്കറ്റുകൾ**

1) വിധവ : വിധവ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ഭർത്താവ് മരിച്ചുപോയ സ്ത്രീകളെയാണ്. അപേക്ഷിക്കുന്ന തീയതിയിൽ ഇവർ പുനർവിവാഹം ചെയ്തിട്ടുണ്ടാകരുത്. ഇക്കാര്യം തെളിയിക്കുന്നതിന് വില്ലേജ് ഓഫീസറിൽ കുറയാത്ത റവന്യൂ അധികാരിയുടേയോ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രസിഡന്റ്/ചെയർമാൻ/മേയർ ഇവർ ആരെങ്കിലും നൽകിയിട്ടുള്ള സർട്ടിഫിക്കറ്റ്.
2) നിയമാനുസൃതം വിവാഹബന്ധം വേർപെടുത്തിയവർ:- 'നിയമാനുസൃതം വിവാഹബന്ധം വേർപെടുത്തിയവർ' എന്നതുകൊണ്ടുദ്ദേശിക്കുന്നത് കോടതി മുഖാന്തരമോ സാമുദായിക സംഘടന മുഖാന്തരമോ വിവാഹബന്ധം വേർപ്പെടുത്തിയവരെയാണ്. ഇവർ അപേക്ഷിക്കുന്ന തീയതിയിൽ പുനർവിവാഹം ചെയ്തിട്ടില്ലെന്നതിന് ബന്ധപ്പെട്ട വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.
3) അവിവാഹിത:- 'അവിവാഹിത' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് അപേക്ഷ സമർപ്പിക്കുന്ന സാമ്പത്തിക വർഷത്തിലെ ഏപ്രിൽ ഒന്നാം തീയതി 30 വയസ് പൂർത്തിയായവരെയാണ്. വയസ് തെളിയിക്കുന്നതിന് ജനനസർട്ടിഫിക്കറ്റ്, എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റ്, ഇവയും അവിവാഹിതയാണെന്നതിന് വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതാണ്. മറ്റ് വ്യവസ്ഥകൾ തുല്യമാണെങ്കിൽ പ്രായം കൂടുതലുള്ളവർക്ക് മുൻഗണന നൽകുന്നതാണ്.

4) <u>പട്ടികവർഗ്ഗത്തിലെ അവിവാഹിതയായ അമ്മ:-</u> പട്ടികവർഗ്ഗത്തിലെ അവിവാഹിതയായ അമ്മ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് വിവാഹിതരാകാതെ അമ്മമാരായി തീർന്ന പട്ടികവർഗ്ഗത്തിൽപ്പെട്ട യുവതികളാണ്. ഈ കാര്യം തെളിയിക്കുന്നതിന് വില്ലേജ് ഓഫീസറിൽ കുറയാത്ത റവന്യൂ അധികാരിയുടെ സർട്ടിഫിക്കറ്റ് ഹാജരാക്കണം.

5) <u>ഭർത്താവ് ഉപേക്ഷിക്കുക/ഭർത്താവിനെ കാണാതായവർ:-</u> ഭർത്താവ് ഉപേക്ഷിക്കുകയോ ഭർത്താവിനെ കാണാതാകുകയോ ചെയ്തവർ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് കഴിഞ്ഞ ഏഴുവർഷമായി ഭർത്താവിനെ കാണാനില്ല എന്ന് സ്ഥലം തഹസിൽദാർ നൽകുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കണം.

6) അപേക്ഷ സമർപ്പിച്ച്/പാസാക്കി ആറ് മാസത്തിൽ കൂടുതൽ കാലാവധി കഴിഞ്ഞാണ് വായ്പ തുക ലഭിക്കുന്നത് എങ്കിൽ പ്രസ്തുത സമയത്ത് പുനർവിവാഹം ചെയ്തിട്ടില്ല എന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

## <u>പൊതുവിവരങ്ങൾ</u>

1) ശരണ്യാ ഗുണഭോക്താവിന് തുടർന്ന് തൊഴിൽരഹിതവേതനം ലഭിക്കുന്നതല്ല.
2) വായ്പ്പ കൈപ്പറ്റുന്നവർ ആദ്യതിരിച്ചടവിന് ഹാജരാകുമ്പോൾ ''എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന് കീഴിലുള്ള ശരണ്യ സംരംഭം'' എന്ന ബോർഡ് വച്ചിട്ടുള്ള സംരംഭത്തിന്റെ ഫോട്ടോ ഹാജരാക്കണം.
3) വായ്പ്പ ലഭിച്ച ഉദ്യോഗാർത്ഥികളെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴിയുള്ള താൽക്കാലിക ജോലികൾക്ക് പരിഗണിക്കില്ല. സ്ഥിരം ജോലികൾക്ക് പരിഗണിക്കുന്നതാണ്. നിയമനം ലഭിക്കുകയാണെങ്കിൽ അവർ ഈ പദ്ധതി പ്രകാരം എടുത്തിട്ടുള്ള വായ്പ്പാ തുക പൂർണ്ണമായും അടച്ച് തീർക്കേണ്ടതാണ്.
4) സംരംഭത്തിലേയ്ക്ക് എത്തിചേരുന്നതിനുള്ള ലാന്റ്മാർക്ക് സഹിതം വിശദമായ റൂട്ട്മാപ്പ് അപേക്ഷയോടൊപ്പം സമർപ്പിക്കണം.
5) പദ്ധതി സംബന്ധിച്ച് ഗുണഭോക്താവിനുണ്ടാകുന്ന ബുദ്ധിമുട്ടുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അറിയിക്കാവുന്നതാണ്.
6) ശരണ്യസ്വയംതൊഴിൽ വായ്പ്പ അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന സത്യവാങ്മൂലം 100/- രൂപയുടെ മുദ്രപത്രത്തിൽ എഴുതി അപേക്ഷക ഒപ്പിട്ട് സാക്ഷി രേഖപ്പെടുത്തി വായ്പ്പാ തുക കൈപ്പറ്റുന്നതിന് മുമ്പായി എംപ്ലോയ്മെന്റ് ഓഫീസറെ ഏൽപ്പിക്കേണ്ടതാണ്.
7) ഉദ്യോഗാർത്ഥിക്ക് വായ്പ്പ അനുവദിക്കുന്നതും, എത്ര തുക അനുവദിക്കണമെന്നുള്ള തീരുമാനം പദ്ധതിയ്ക്കായുള്ള ജില്ലാ കമ്മറ്റിയുടേതാണ്.

8) ഒന്നിലധികം പേർ ചേർന്ന് സംയുക്ത സംരംഭം ആരംഭിക്കാവുന്നതാണ്.

9) ആരംഭിക്കുന്ന സംരംഭത്തിന്റെ വരവ് ചെലവ് കണക്കുകൾ സംരംഭകർ കൃത്യമായും സൂക്ഷിക്കേണ്ടതും എംപ്ലോയ്മെന്റ് വകുപ്പിലെ ഉദ്യോഗസ്ഥർ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്.

10) പദ്ധതിയ്ക്കായി നൽകിയ തുക ദുരുപയോഗം ചെയ്യുന്നതായി ബോധ്യപ്പെട്ടാൽ സബ്സിഡി ഉൾപ്പെടെയുള്ള തുക റവന്യു റിക്കവറി പ്രകാരം ഈടാക്കുന്നതാണ്.

(ഒപ്പ്)

എംപ്ലോയ്മെന്റ് ഡയറക്ടർ